ബാധിക്കുന്നുണ്ട്. അനധികൃത ലഹരി മരുന്ന് വില്പനയ്ക്കെതിരെ COPTA, NDPS, കേരള അബ്കാരി ആക്ട്, കെ. പി. ആക്ട് എന്നിവ പ്രകാരമാണ് നിയമനടപടി സ്വീകരിച്ചുവരുന്നത്. ഇതിലെ ചില ജാമ്യവ്യവസ്ഥകളും നിർവ്വചനങ്ങളും നിയമനടപടി സ്വീകരിക്കുന്നതിൽ പഴുതായി വിലയിരുത്തുന്നുണ്ട്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

യുവതിയുടെ പ്രസവം ചിത്രീകരിച്ച് വാട്ട്സ് അപ്പ് വഴി പ്രചരിപ്പിച്ച സംഭവം

62 (2613) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ യുവതിയുടെ പ്രസവം ചിത്രീകരിച്ച് വാട്ട്സ് അപ്പ് വഴി പ്രചരിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംഭവവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഡോക്ടർമാർക്ക് പകരം ആശുപത്രിയുടെ പ്രവർത്തനത്തിൽ തടസ്സം വരാതിരിക്കാൻ പകരം നിയമനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ച് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം പൂർവ്വ സ്ഥിതിയിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ യുവതിയുടെ പ്രസവ ശസ്ത്രക്രിയ ചിത്രീകരിച്ച് വാട്ട്സ് ആപ്പിലൂടെ പ്രചരിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)-ന്റെ നേതൃത്വത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ മൂന്ന് ഡോക്ടർമാരെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. തുടർന്ന് ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. കൂടാതെ, ടി വിഷയവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സൈബർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംഭവവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഡോക്ടർമാർക്ക് പകരം ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 3 അഡ്ഹോക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ താലൂക്ക് ആശുപത്രി പഴയങ്ങാടി, പി.എച്ച്.സി.-കളായ ചെറുതാഴം, മാട്ടൂൽ, കുഞ്ഞിമംഗലം, ഡബ്ല്യു&സി, മങ്ങാട്ടുപറമ്പ് എന്നീ സ്ഥാപനങ്ങളിൽനിന്നും ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുകയും ചെയ്തു.

(സി) സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലേസ്മെന്റ് നൽകി ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പഴയങ്ങാടി താലൂക്ക് ആശുപത്രി

63 (2614) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത് ; ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് എയർ കണ്ടീഷൻ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ 4 അസിസ്റ്റന്റ് സർജന്മാരുടെയും അനസ്തേഷ്യ, ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി എന്നീ വിഭാഗങ്ങളിൽ ഓരോ ജൂനിയർ കൺസൾട്ടന്റുമാരുടെയും ഒഴിവുകളാണ് നിലവിലുള്ളത്. അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നല്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ള

LIBRARY ARCHIVES Kerala Legislative Assembly